**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5586** **24-03-2025 - ൽ മറുപടിയ്ക്ക്**

**കാൻസർ രോഗ നിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാൻസർ രോഗ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | "ആരോഗ്യം ആനന്ദം - അകറ്റാം അർബുദം" പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന കാൻസർ രോഗനിർണയ ക്യാമ്പുകൾ പ്രധാനമായും ആരോഗ്യവകുപ്പിലെ സ്ഥാപനങ്ങളും, മെഡിക്കൽ കോളേജുകളും, റീജിയണൽ കാൻസർ സെന്ററുകളുമാണ് സംഘടിപ്പിക്കുന്നത്. അതോടൊപ്പം തന്നെ ആരോഗ്യവകുപ്പിന്റെ അറിവോടുകൂടി നിബന്ധനകൾ പാലിച്ചുകൊണ്ടു സ്വകാര്യ ആശുപത്രികളെയും സന്നദ്ധ സംഘടനകളെയും ഈ ക്യാമ്പയിന്റെ ഭാഗമായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ മുഴുവൻ ജനങ്ങളിലും കാൻസർ രോഗനിർണ്ണയം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ബി) | "ആരോഗ്യം ആനന്ദം-അകറ്റാം അർബുദം" കാൻസർരോഗ നിർണ്ണയ ക്യാമ്പയിന്റെ ആദ്യമാസത്തിൽ സ്ത്രീകളിലെ സ്തനാർബുദം, ഗർഭാശയഗളാർബുദം എന്നീ കാൻസറുകളാണ് പ്രധാനമായും രോഗനിർണ്ണയം നടത്തുന്നതിനായി തിരഞ്ഞെടുത്തത്. 2025 മാർച്ച് 9 ന ശേഷം പുരുഷന്മാരുടെ കാൻസറുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് കാൻസർ രോഗ സ്ക്രീനിംഗ് പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈയിനത്തിൽ സംസ്ഥാനത്തെ 30 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനം കിട്ടുന്നരീതിയിലുള്ള ക്യാമ്പയിനാണ് നടത്തപ്പെടുന്നത്.<br><br>ക്യാൻസർ സ്ക്രീനിംഗിൽ രോഗം സംശയിക്കുന്നവർക്ക് തുടർ പരിശോധനകൾക്കായി ഹയർ സെന്ററുകളിലേക്ക് റഫർ ചെയ്യുന്നു. ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, ത്രിതല കാൻസർ സെന്ററുകൾ എന്നിവിടങ്ങളിൽ മാമോഗ്രാം, അൾട്രാസൗണ്ട് സ്കാൻ, പാപ്സ്മിയർ, കോൾപോസ്കോപ്പി, FNAC, ബയോപ്സി മുതലായ സൗകര്യങ്ങളും തുടർ പരിശോധനകൾക്കായി |

| | | | |
|---|---|---|---|
| | | | ഒരുക്കിയിട്ടുണ്ട്. സ്വകാര്യ മേഖലയിലുള്ള ആശുപത്രികളെയും ഈ പരിപാടിയുടെ ഭാഗമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ